(ഡി, ഇ) പദ്ധതി പ്രവർത്തനങ്ങൾ സതംഭനാവസ്ഥയിലായിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടാങ്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തിൽ നിന്നും കിട്ടുന്നതിനു കാലതാമസം ഉണ്ടായിട്ടുണ്ട്. പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ എന്നിവയ്ക്ക് വേണ്ടുന്ന പൈപ്പുകൾ ഇതു വരെ ലഭ്യമായിട്ടില്ല. ഈ കാരണങ്ങളാൽ പദ്ധതി പൂർത്തിയാക്കുവാൻ കാല താമസം നേരിട്ടിട്ടുണ്ട്. പദ്ധതിയുടെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യു ന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി പദ്ധതികൾ

123 [5390] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തു ന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് കഴിഞ്ഞ രണ്ട് വർഷത്തിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാ ണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാ ണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ;

(ഡി) ഓരോ പദ്ധതിക്കും എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ എം. ആർ. ഹില്ലിൽ 50000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ഉപരിതല ടാങ്കിന്റെ പണി പുരോഗമിച്ചുവരുന്നു. നിലവിൽ പണിപൂർത്തിയായ പമ്പ് ഹൗസിൽനിന്നും വിതരണ ശൃംഖലയി ലേക്ക് വെള്ളം പമ്പ് ചെയ്ത് എം. ആർ. ഹില്ലിന്റെ ഉയർന്ന പ്രദേശങ്ങളി ലേയ്ക്ക് നൽകുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗര ശുദ്ധജലവിതരണം നവീകരിക്കുന്നതിനായി 304 ലക്ഷം രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-1)†.

(സി, ഡി) വിവരം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-2)‡.

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly